# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 24<br>**August 24** | **2019** |
|---|---|

***1193 ചിങ്ങം 8 ശനി***

# പത്രക്കുറിപ്പ് -1

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

**ഏഴംകുളം പഞ്ചായത്തിൽ ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതി**

ഹരിത കേരളം മിഷനും ഏഴംകുളം ഗ്രാമപഞ്ചായത്തും ചേർന്നു നടത്തുന്ന പച്ചത്തുരുത്ത് പദ്ധതിയുടെ നടീൽ ഉത്സവം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി. ലത വൃക്ഷ തൈ നട്ട് ഉദ്ഘാടനം ചെയ്തു. നെല്ലി, സീതപ്പഴം, ചമത ഉൾപ്പെടെ നിരവധി തൈകളാണ് പച്ചത്തുരുത്ത് നിർമിക്കുന്നതിന് ഒരുക്കിയിട്ടുള്ളത്. വൃക്ഷ തൈകൾ നടാൻ ഉള്ള കുഴി അവയുടെ സംരക്ഷണം എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തിരിക്കുന്നത്.

വാർഡ് അംഗം സി.മോഹനന്റെ അദ്ധ്യക്ഷതയിൽ ചേർന്ന നടീൽ ഉത്സവത്തിൽ ഹരിത കേരളം മിഷന്റെ ആർ.പി വിശ്വനാഥൻ ആചാരി, തൊഴിലുറപ്പ് പദ്ധതി അസിസ്റ്റന്റ് എൻജിനീയർ രാജലക്ഷ്മി, ഒമേഗ, ആതിര ഓമനക്കുട്ടൻ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 2312/19)

**സ്പോട്ട് അഡ്മിഷൻ**

മെഴുവേലി വനിതാ ഗവൺമെന്റ് വനിതാ ഐടിഐയിൽ എൻസിവിറ്റി അംഗീകാരമുള്ള ഫാഷൻ ഡിസൈനിംഗ് ടെക്നോളജി (ഒരു വർഷം), ഡ്രാഫ്റ്റ്സ്മാൻ സിവിൽ (ര ് വർഷം) ട്രേഡുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് നാളെ (26) സ്പോട്ട് അഡ്മിഷൻ നടത്തും. ഫോൺ: 0468 2259952, 9446113670, 9447139847. (പിഎൻപി 2313/19)

## തൊഴിൽരഹിത വേതന വിതരണം

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ തൊഴിൽ രഹിത വേതന വിതരണം 26,27, തീയതികളിൽ രാവിലെ 11 മുതൽ ഉച്ചയ്ക്ക് ശേഷം മൂന്ന് വരെ വിതരണം ചെയ്യും. ഗുണഭോക്താക്കൾ ബന്ധപ്പെട്ട രേഖകൾ സഹിതം ആഫീസിൽ നേരിട്ടെത്തി വേതനം കൈപ്പറ്റണമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 2314/19)

## ട്യൂഷൻ ടീച്ചർ ഒഴിവ്

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പത്തനംതിട്ടയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പ്രീമെട്രിക് ബോയ്സ് ഹോസ്റ്റലിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ ഫിസിക്കൽ സയൻസ്, കണക്ക് വിഭാഗത്തിൽ ട്യൂഷൻ ടീച്ചർമാരെ നിയമിക്കുന്നു. ബിരുദവും ബി.എഡും ഉള്ളവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ പട്ടികജാതി വികസന ഓഫീസർ, ഇലന്തൂർ ബ്ലോക്ക്, നെല്ലിക്കാല പി.ഒ എന്ന വിലാസത്തിൽ ബന്ധപ്പെടണം. ഫോൺ: 8547630042. (പിഎൻപി 2315/19)

## ഓണം: ഹാൻടെക്സിൽ 40 ശതമാനം വരെ ആനുകൂല്യം

പത്തനംതിട്ട കോളജ് റോഡിൽ പ്രവർത്തിക്കുന്ന ഹാൻടെക്സിൽ ഓണം പ്രമാണിച്ച് 20 ശതമാനം ഗവൺമെന്റ് റിബേറ്റും 10 മുതൽ 20 ശതമാനം വരെ സ്പെഷ്യൽ ഡിസ്കൗ ും ഉൾപ്പെടെ 40 ശതമാനം വരെ ആനുകൂല്യം ലഭിക്കും. കേരള സാരികൾ, കാസർഗോഡ് സാരികൾ, സ്പെഷ്യൽ റോയൽ സാരികൾ, പ്രീമിയം മു ുകൾ, കസവ് മു ുകൾ, സെറ്റ് മു ുകൾ, കാവി കൈലികൾ, കോട്ടൺ കൈലികൾ, ബെഡ് ഷീറ്റുകൾ, പില്ലോ കവർ, റെഡിമെയ്ഡ് ഷർട്ടുകൾ തുടങ്ങിയവയുടെ വിപുലമായ ശേഖരം ഓണക്കാലത്ത് ഒരുക്കിയിട്ടു ്. സർക്കാർ, അർധസർക്കാർ, പൊതുമേഖലാ ജീവനക്കാർക്ക് 10000 രൂപയുടെ വായ്പാ സൗകര്യവും ലഭിക്കും.

ഉത്രാടം വരെ ഞായറാഴ്ച ഉൾപ്പെടെ എല്ലാ പൊതുഅവധി ദിവസങ്ങളിലും ഷോറൂം പ്രവർത്തിക്കുമെന്ന് ഡിപ്പോ മാനേജർ അറിയിച്ചു. (പിഎൻപി 2316/19)

## ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തെരഞ്ഞെടുപ്പ് 27ന്

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തെരഞ്ഞെടുപ്പ് 27ന് രാവിലെ 11ന് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടക്കും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായിരുന്ന എം.ബി.സത്യൻ ഈ മാസം ര ിന് പ്രസിഡന്റ് സ്ഥാനം രാജിവച്ചതിനെതുടർന്നു ായ ഒഴിവിലേക്കാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. (പിഎൻപി 2317/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ഏഴംകുളം ഗ്രാമപഞ്ചായത്ത് പച്ചത്തുരുത്ത് പദ്ധതിയുടെ നടീൽ ഉത്സവം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി. ലത വൃക്ഷ തൈ നട്ട് ഉദ്ഘാടനം ചെയ്യുന്നു.




വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ആഗസ്റ്റ് 24

August 24

2019

1193 ചിങ്ങം 8 ശനി

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

## കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ കോഴ്സ്

കൊല്ലം ജില്ലയിലെ കുളക്കട അസാപ് കമ്യൂണിക്കേറ്റീവ് സ്കിൽ പാർക്കിൽ നടത്തുന്ന കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ കോഴ്സിന് അപേക്ഷിക്കാം. ബിരുദവും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യവുമാണ് യോഗ്യത. കോഴ്സ് ഫീസ് 10000 രൂപ. 30 മണിക്കൂർ ഇന്റേൺഷിപ്പ് ഉൾപ്പെടെ 186 മണിക്കൂറാണ് കോഴ്സിന്റെ കാലാവധി. കൂടുതൽ വിവരം 9495999636 എന്ന നമ്പരിൽ ലഭിക്കും.

(പിഎൻപി 2318/19)

## നിലമ്പൂരിന് കൈത്താങ്ങായി യുവജന സൗഹൃദ കൂട്ടായ്മ

പത്തനംതിട്ടയിൽ നിന്നുള്ള യുവജന സൗഹൃദ കൂട്ടായ്മ പ്രവർത്തകർ പ്രളയബാധിതമായ നിലമ്പൂരിൽ സന്നദ്ധപ്രവർത്തനം നടത്തുകയും അവശ്യസാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. റാന്നി പെരുനാട് പഞ്ചായത്തിലെ മാടമൺ, വടശേരിക്കര എന്നിവിടങ്ങളിലെ സൗഹൃദ കൂട്ടായ്മ, റോട്ടറി ക്ലബ്, പേഴുംപാറ ഒരുമ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് നിലമ്പൂരിൽ സന്നദ്ധ പ്രവർത്തനം നടത്തിയത്.

മാടമൺ ജ്യോതിസ് ഏജൻസീസ് ഉടമ ജിജി തോമസ്, ജിജു ഭവനിൽ മനോജ്, ജോസി അടിയത്ത് തുടങ്ങിയവരുടെ നേതൃത്വത്തിൽ 16 അംഗ ഇലക്ട്രീഷ്യൻമാർ ഉൾപ്പെടെയുള്ള സംഘമാണ് സന്നദ്ധ സേവനത്തിനായി പ്രളയം വിഴുങ്ങിയ നിലമ്പൂരിലെത്തിയത്. ജനറേറ്റർ, വയറിംഗ് സാധനങ്ങൾ, എൽഇഡി ബൾബുകൾ, വസ്ത്രങ്ങൾ സ്റ്റേഷനറി സാധനങ്ങൾ എന്നിവയെല്ലാം സംഘം കരുതിയിരുന്നു. 15 വീടുകളിലെ വയറിംഗ് പൂർണമായും അഞ്ചു

വീടുകളിലേത് ഭാഗികമായും സംഘം പുനസ്ഥാപിച്ചു.

വീടുകളിലേക്ക് ആവശ്യമുള്ള അവശ്യവസ്തുക്കൾ സംഘം വിതരണം ചെയ്തു. നിരവധി വീടുകൾ ശുചീകരിച്ച ശേഷമാണ് സംഘം മടങ്ങിയത്. നിലമ്പൂരിനൊരു കൈത്താങ്ങ് യാത്ര സർക്കിൾ ഇൻസ്പെക്ടർ ആർ. മനോജ് ഫ്ളാഗ് ഓഫ് ചെയ്തിരുന്നു. ഫാ. ജോജി മാത്യു, ഉഷാകുമാരി മാടമൺ തുടങ്ങിയവർ പ്രസംഗിച്ചു. (പിഎൻപി 2319/19)

## അടൂർ താലൂക്ക്തല അദാലത്തിൽ 29 പരാതികൾ തീർപ്പാക്കി

അടൂർ താലൂക്ക്തല പരാതി പരിഹാര അദാലത്തിൽ 29 എണ്ണം തീർപ്പാക്കി. ബാക്കിയുള്ള 28 പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി വിവിധ വകുപ്പുതല ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ആകെ 57 പരാതികളാണ് ലഭിച്ചത്. അടൂർ താലൂക്ക്തല പരാതിപരിഹാര അദാലത്ത് അടൂർ റവന്യൂ ടവറിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അലക്സ് പി തോമസ് ഉദ്ഘാടനം ചെയ്തു. അടൂർ താലൂക്ക് പരാതിരഹിത താലൂക്കായി മാറ്റുന്നതിന് എല്ലാ ഉദ്യോഗസ്ഥരും സഹകരിക്കണമെന്ന് എഡിഎം പറഞ്ഞു.

റവന്യു- 26, തദ്ദേശസ്വയംഭരണം- 15, സഹകരണ ബാങ്ക്- മൂന്ന്, കെ എസ് എഫ് ഇ- ര ്, കൃഷി- ഒന്ന്, പട്ടികജാതി വികസന വകുപ്പ്- ഒന്ന്, വനം വകുപ്പ്- ഒന്ന്, കെ എസ് ഇ ബി- ഒന്ന്, കോ- ഓപ്പറേറ്റീവ് സഹകരണ സംഘം- ഒന്ന്, ഡി വൈ എസ് പി- ഒന്ന് , എൽ ഐ സി- ഒന്ന്, കേരള ഗ്രാമീൺ ബാങ്ക്- ഒന്ന്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്- ര ് എന്ന ക്രമത്തിലാണ് പരാതികൾ ലഭിച്ചത്.

എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച ജില്ലയിലെ ഒരു താലൂക്കിൽ വീതമാണ് പരാതി പരിഹാര അദാലത്ത് നടത്തുന്നത്. സിഎംഡിആർഎഫ്, എൽആർഎം കേസുകൾ, റേഷൻകാർഡ് സംബന്ധിച്ച പരാതികൾ, സ്റ്റാറ്റിയൂട്ടറിയായി ലഭിക്കേ പരിഹാരം എന്നിവ ഒഴിച്ചുള്ള എല്ലാ വിഷയങ്ങളും അദാലത്തിൽ പരിഗണിക്കും.

അദാലത്തിന്റെയും, തുടർപ്രവർത്തനങ്ങളുടെയും നിരീക്ഷണത്തിനായി കളക്ടറേറ്റുകളിലും ആർഡിഒ ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ആവശ്യമായ ജീവനക്കാരെ ഉൾപ്പെടുത്തി പിപിഎ സെൽ രൂപീകരിച്ചിട്ടു ്. താലൂക്കിലെ പിപിഎ സെല്ലിന്റെയും അദാലത്തുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളുടെയും തുടർനടപടികളുടെ പൂർണ ഉത്തരവാദിത്വം താലൂക്ക്തല തഹസിൽദാർമാർക്കായിരിക്കും. ഓരോ താലൂക്കിന്റെയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകിയിട്ടു ്. ഒരു അദാലത്ത് തീയതിക്ക് 15 ദിവസം മുൻപ് വരെ ലഭിക്കുന്ന അപേക്ഷകൾ അദാലത്തിൽ പരിഗണിക്കും. അദാലത്ത് വേദിയിൽ ജില്ലാ കളക്ടർക്കൊപ്പം മറ്റു വകുപ്പുകളിലെ താലൂക്ക്തല ഓഫീസർമാരും പങ്കെടുക്കും. നിരസിക്കുന്ന അപേക്ഷകളിൽ അപേക്ഷകന് ഉചിതമായ മറുപടി നൽകണം. അടൂർ റവന്യു ഡിവിഷണൽ ഓഫീസർ പി ടി എബ്രഹാം അധ്യക്ഷത വഹിച്ച ചടങ്ങിൽ അടൂർ തഹസിൽദാർ എസ് ബീന, എൽആർ തഹസിൽദാർ ഒ.കെ ഷൈല, ഡെപ്യൂട്ടി തഹസിൽദാർമാർ, വില്ലേജ് ഓഫീസർമാർ, താലൂക്ക്തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 2320/19)

## അവശ്യവസ്തുക്കളുമായി ര ് ട്രക്ക് വയനാട്ടിലേക്ക് പുറപ്പെട്ടു

പ്രളയബാധിതരെ സഹായിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റ് സ്റ്റാഫ് കൗൺസിൽ അംഗങ്ങൾ ജീവനക്കാരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സമാഹരിച്ച അവശ്യവസ്തുക്കളുമായി ര ു ട്രക്ക് വയനാട്ടിലേക്ക് പുറപ്പെട്ടു. കളക്ടറേറ്റിലെ കളക്ഷൻ സെന്റർ സ്റ്റാഫ് കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിലാണ് പ്രവർത്തിച്ചത്. തുണിത്തരങ്ങൾ, സാനിറ്ററി നാപ്കിൻ, കുട്ടികൾക്ക് ആവശ്യമായ സ്കൂൾ ബാഗ്, കുടകൾ, സ്നാക്സ്, വെള്ളം, മരുന്നുകൾ, ശുചീകരണ സമഗ്രികൾ എന്നിവയാണ്

പ്രളയബാധിതർക്കായി സമാഹരിച്ചിട്ടുള്ളത്. എഡിഎം അലക്സ് പി തോമസ്, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ ആർ ബീനാറാണി, കളക്ട്രേറ്റ് സ്റ്റാഫ് കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. (പിഎൻപി 2321/19)

## ഫോട്ടോ അടിക്കുറിപ്പ്

2) നിലമ്പൂരിലെ പ്രളയബാധിത മേഖലയിൽ റാന്നി പെരുനാട് പഞ്ചായത്തിലെ മാടമൺ, വടശേരിക്കര എന്നിവിടങ്ങളിലെ സൗഹൃദ കൂട്ടായ്മ, റോട്ടറി ക്ലബ്, പേഴുംപാറ ഒരുമ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നു.

3) അടൂർ താലൂക്ക്തല പരാതി പരിഹാര അദാലത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അലക്സ് പി തോമസ് പരാതി കേൾക്കുന്നു.

4) ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ കളക്ട്രേറ്റ് സ്റ്റാഫ് കൗൺസിൽ അംഗങ്ങൾ ജീവനക്കാരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സമാഹരിച്ച അവശ്യവസ്തുക്കൾ എഡിഎം അലക്സ് പി തോമസിന്റെ നേതൃത്വത്തിൽ ലോറിയിൽ കയറ്റുന്നു.








വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ആഗസ്റ്റ് 24**

**August 24** **2019**

*1193 ചിങ്ങം 8 ശനി*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സദ്ഗമയ : കുടുംബസംഗമവും ബോധവൽക്കരണവും നടത്തി**

സംസ്ഥാന ഹോമിയോപ്പതി വകുപ്പ് ജില്ലയിലെ സദ്ഗമയ പദ്ധതിയുടെ ഭാഗമായി കുടുംബസംഗമവും ബോധവൽക്കരണവും നടത്തി. കൊടുമൺ സെന്റ് ബഹനാൻസ് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന കുടുംബസംഗമം ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. സദ്ഗമയ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ടും സദ്ഗമയ കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തിയ 'മഴവില്ല്' സചിത്രമാസികയും അദ്ദേഹം പ്രകാശനം ചെയ്തു.

കൊടുമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞന്നാമ്മകുഞ്ഞ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) ഡോ. ഡി. ബിജുകുമാർ മുഖ്യപ്രഭാഷണം നടത്തി. അടൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കെ. മോഹനൻ, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി ലീഗൽ അഡ്വൈസർ അഡ്വ. ഷീബ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ നീത ദാസ്, ദേശീയ ആരോഗ്യ ദൗത്യം ചൈൽഡ് ഹെൽത്ത് ജില്ലാ കോ-ഓർഡിനേറ്റർ ദർശന എന്നിവർ കുട്ടികൾക്കും കൗമാര പ്രായക്കാർക്കും ഉള്ള വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും നിയമ പരിരക്ഷയെക്കുറിച്ചും ബോധവൽക്കരണം നടത്തി.

സദ്ഗമയ ജില്ലാ കൺവീനർ ഡോ. ജി. ഷീബ, കൊടുമൺ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോ. അർ. രജികുമാർ എന്നിവർ സംസാരിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തി.

സംസ്ഥാന ഹോമിയോപ്പതി വകുപ്പ് കൗമാര ആരോഗ്യ സംരക്ഷണത്തിന് ആവിഷ്കരിച്ച സദ്ഗമയ പദ്ധതിയുടെ ജില്ലാ കേന്ദ്രം പ്രവർത്തിച്ചുവരുന്നത് കൊടുമൺ ഗവ:

ഹോമിയോ ഡിസ്പെൻസറിയിലാണ്. സ്പെഷ്യൽ ഒ.പിയിലൂടെ പഠനവൈകല്യ പരിഹാരം, മാനസിക പ്രശ്ന അവലോകനം, വിദഗ്ധ ഹോമിയോപ്പതി ചികിത്സ, കൗൺസിലിംഗ്, ബോധവൽക്കരണം എന്നിവ ലഭ്യമാണ്. വിദഗ്ധ ഹോമിയോപ്പതി ഡോക്ടറുടെ സേവനത്തോടൊപ്പം സ്പെഷ്യൽ എജുക്കേഷൻ ടീച്ചർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം ഒരുകുടക്കീഴിൽ ലഭിക്കുന്നുവെന്നതാണ് ഈ പദ്ധതിയുടെ മുഖമുദ്ര. തിങ്കൾ മുതൽ ശനി വരെ രാവിലെ ഒമ്പത് മണിമുതൽ ഉച്ചയ്ക്ക് രണ്ട് വരെ ഇവിടെ പദ്ധതിയുടെ സേവനം ലഭ്യമാണ്. ഫോൺ : 04734-287075.

(പിഎൻപി 2322/19)

